**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1317** **30-06-2026-ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിൽ സഫാരി പാർക്ക് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** തളിപ്പറമ്പ് മണ്ഡലത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള നാട്ടുകാണിയിലെ ഭൂമിയിൽ നിർമ്മിക്കുന്ന നിർദിഷ്ട സൂ-സഫാരി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** തളിപ്പറമ്പ് സൂ സഫാരി പാർക്ക് സ്ഥാപിക്കുന്നതിനായി DPR തയ്യാറാക്കുന്നതിനു മുന്നോടിയായി ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ പാകുന്നതിനും പ്രസ്തുത ഭൂമിയിലെ മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും വേണ്ടി വരുന്ന ചെലവ് വിവരങ്ങൾ അറിയിക്കാൻ തളിപ്പറമ്പ് താലൂക്ക് സർവേയറെ ചുമതലപ്പെടുത്തി. പ്രസ്തുത സ്ഥലത്തിന്റെ കോണ്ടൂർ മാപ്പ് തയ്യാറാക്കുന്നതിനായി താല്പര്യപത്രം ക്ഷണിച്ചുവെങ്കിലും ഒരു സ്ഥാപനം മാത്രമാണ് പങ്കെടുത്തത്.തുടർന്ന് കോണ്ടൂർ മാപ്പ് തയ്യാറാക്കുന്നതിനായി ലാൻഡ് യൂസ് ബോർഡിനെ സമീപിച്ചു തുടർനടപടി സ്വീകരിച്ചുവരുന്നു.

**(ബി)** പ്രസ്തുത പാർക്ക് നിർമ്മാണത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായെങ്കിൽ ആയതിന് അംഗീകാരം ലഭ്യമായോ എന്നും അടങ്കൽ തുക എത്ര ആണെന്നും വ്യക്തമാക്കാമോ;

**മറുപടി:** പ്രസ്തുത പാർക്കിനായി നിശ്ചയിച്ച ഭൂമിയുടെ അതിർത്തി നിർണ്ണയിച്ചു നൽകിയാൽ മാത്രമേ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. അതിർത്തി നിർണ്ണയിച്ചു നൽകുന്ന മുറക്ക് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**(സി)** പ്രസ്തുത പ്രോജക്ടിന് നിലവിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രോജക്ടിന്റെ ക്യാമ്പ് ഓഫീസ് ഇപ്പോൾ എവിടെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ;

**മറുപടി:** പ്രസ്തുത പ്രോജക്ടിന് 2026-27 ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ ക്യാമ്പ് ഓഫീസ് കിൻഫ്രയുടെ കെട്ടിടത്തിൽ ഉദ്ഘാടനം ചെയ്തുവെങ്കിലും സജീവ പ്രവർത്തനം തുടങ്ങിയിട്ടില്ല.

**(ഡി)** ക്യാമ്പ് ഓഫീസ് വാടക കെട്ടിടത്തിലാണെങ്കിൽ നാളിതുവരെയുള്ള വാടക ഒടുക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ?

**മറുപടി:** കിൻഫ്രയുമായി കരാറിലേർപ്പെട്ട് ക്യാമ്പ് ഓഫീസിന്റെ വാടക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**